# വിശുദ്ധ ഗീവർഗീസ് സഹദായോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

(ഒരു കൗമാ നമസ്ക്കരിക്കണം)

**അപേക്ഷ**

സർവ്വശക്തനും, പരമകാരുണികനുമായ കർത്താവേ, അങ്ങയുടെ വിശ്വാസത്തിനും വാത്സല്യത്തിനും പാത്രമായ വിശുദ്ധ ഗീവറുഗീസ് സഹദായുടെ മദ്ധ്യസ്ഥതയിൽ ഞങ്ങൾ അപേക്ഷിക്കുന്നു. ബലഹീനരായ ഞങ്ങളെ അനുഗ്രഹിക്കണമേ.

സഹദായുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചവർക്ക് ലഭിച്ച അത്ഭുതകരമായ അനുഭവങ്ങളെക്കുറിച്ചു ഞങ്ങൾ അറിയുന്നു. കർത്താവേ, ഞങ്ങളെ അനുദിനം നയിക്കുന്ന ശക്തി അങ്ങാണല്ലോ. ഞങ്ങൾക്കു കൈവന്ന എല്ലാ സൗഭാഗ്യങ്ങളും അവിടുത്തെ ദാനമാണല്ലോ. അവിടുന്ന് നൽകിയ എല്ലാ നന്മകൾക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു.

ഞങ്ങൾ പാപികളാണു കർത്താവേ! വാക്കിലും, പ്രവർത്തിയിലും, ചിന്തയിലും, ചെയ്തുപോയ തെറ്റുകൾ ഓർത്തു ദുഃഖിക്കുന്നു. ഞങ്ങളുടെ വാക്കുകളേയും പ്രവർത്തികളേയും നിയന്ത്രിക്കണമേ. അറിവോടും അറിവുകൂടാതെയും ചെയ്തുപോയ സകല പാപങ്ങളും ക്ഷമിക്കുമാറാകണമേ. ആകുലതകളാലും ആവശ്യങ്ങളാലും പ്രയാസപ്പെടുന്ന ഞങ്ങളുടെ അപേക്ഷകൾ കൈക്കൊള്ളണമേ. തിരുസന്നിധിയിൽ സത്യവിശ്വാസത്തോടുകൂടി ജീവിക്കുവാനും ആയുഷ്ക്കാലമൊക്കെയും പുണ്യപ്രവൃത്തികൾ ചെയ്യുവാനും ഞങ്ങളെ സഹായിക്കണമേ.

വിശുദ്ധ ഗീവറുഗീസ് സഹദായുടെ മദ്ധ്യസ്ഥതയിൽ ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥനകൾ കേൾക്കണമേ.

## ലുത്തിനിയ - 1

**പ്രതിവാക്യം: നിനക്കു സമാധാനം**

1. ശ്രേഷ്ഠനായ മാർ ഗീവർഗീസ് സഹദാ...
2. സ്വർഗ്ഗീയ ഫലം നൽകുന്ന കതിരായ മാർ ഗീവർഗീസ് സഹദാ...
3. സന്തോഷകരമായ ഫലങ്ങളുടെ കുലയായ മാർ ഗീവർഗീസ് സഹദാ...
4. പരിമളധൂപമായ മാർ ഗീവർഗീസ് സഹദാ.....

5. ദൈവിക മൂറോന്റെ മുദ്രയായ മാർ ഗീവർഗീസ് സഹദാ....

6. ഞങ്ങളുടെ ആത്മാക്കളിൽ നിന്നും തെറ്റിനെ നീക്കിയ ശോഭിത കതിരായ മാർ ഗീവർഗീസ് സഹദാ...

7. വിഗ്രഹാരാധനയാകുന്ന അന്ധകാരം ഉന്മൂലനം ചെയ്ത മാർ ഗീവർഗീസ് സഹദാ...

8. എല്ലാ സ്ഥലങ്ങളിൽ നിന്നും പിശാചുക്കളെ ഓടിച്ച മാർ ഗീവർഗീസ് സഹദാ....

9. ആകൽക്കറുസ്സായുടെ മുള്ളിന്റെ മൂർച്ചയെ കെടുത്തിയ മാർ ഗീവർഗീസ് സഹദാ....

10. വിധവയുടെ മകനു സൗഖ്യം നൽകുകയും അവനെ തന്റെ ശുശ്രൂഷക്കാരനാക്കുകയും ചെയ്ത മാർ ഗീവർഗീസ് സഹദാ...

11. ഉണക്കമരത്തിൽ നിന്നും വൃക്ഷങ്ങളെ മുളപ്പിച്ച മാർ ഗീവർഗീസ് സഹദാ...

12. പഴുത്ത ഇരുമ്പു ചക്രത്തിൻ മീതേ നടന്ന മാർ ഗീവർഗീസ് സഹദാ....

13. അലക്സാന്ത്രിയ രാജ്ഞിയെ സത്യവിശ്വാസത്തിൽ ബന്ധിച്ച മാർ ഗീവർഗീസ് സഹദാ....

14. വിശ്വാസികളുടെ നല്ല നാമമായ മാർ ഗീവർഗീസ് സഹദാ.....

15. എല്ലാ രക്തസാക്ഷികൾക്കും മാതൃകയായിത്തീർന്ന മാർ ഗീവർഗീസ് സഹദാ.....

16. സഭയുടെ പോരാട്ടക്കാരിൽ അഗ്രഗണ്യനായ മാർ ഗീവർഗീസ് സഹദാ.....

17. വിലപിച്ചിരിക്കുന്നവരുടെ ആശ്വാസമായ മാർ ഗീവർഗീസ് സഹദാ.....

18. അലയുന്നവരുടെ വിശ്രമമായ മാർ ഗീവർഗീസ് സഹദാ.....

19. എല്ലാ രക്തസാക്ഷികളുടെയും ഗുരുവും നായകനുമായ മാർ ഗീവർഗീസ് സഹദാ.....

20. മിശിഹായുടെ ആട്ടിൻകൂട്ടത്തിന്റെ ഉണർവ്വുള്ള കാവലായ മാർ ഗീവർഗീസ് സഹദാ.....

## ലുത്തിനിയാ - 2

(പ്രതിവാക്യം - ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ)

1. കർത്താവിനുവേണ്ടി കഷ്ടതകൾ സഹിച്ച് രക്തസാക്ഷിത്വം വരിച്ച വിശുദ്ധ ഗീവറുഗീസ് സഹദാ!

2. ലോകമെങ്ങും ആദരണീയനായ വിശ്വാസധീരാ!

3. ബാല്യം മുതൽ സത്യവിശ്വാസത്തിൽ വളരുകയും, മറ്റുള്ളവരെ സത്യ മാർഗ്ഗത്തിലേക്കു നയിക്കുകയും ചെയ്ത പുണ്യവാനേ!

4. ഭൗതികമായ പ്രലോഭനങ്ങളെ അതിജീവിച്ച് ലോകസുഖങ്ങളെ പരിത്യജിച്ച ആദർശധീരാ!

5. സകലരോഗങ്ങളേയും വേദനകളേയും സുഖപ്പെടുത്താൻ പരിശുദ്ധ റൂഹായാൽ ശക്തി നേടിയ പരിശുദ്ധാ!

6. രോഗികൾക്ക് ആശ്വാസവും അശരണർക്ക് അഭയവും അരുളുന്ന കാവൽനാഥാ!

7. സാധുക്കളുടെ സംരക്ഷകനും, ദുഃഖിതർക്ക് സന്തോഷവും സമാധാനവും നൽകുന്നവനുമായ പുണ്യവാനേ!

8. കർത്താവിന്റെ ആത്മീയ തോട്ടത്തിലെ നല്ല വേലക്കാരനായ പരിശുദ്ധാ!

9. തനിക്കു കൈവന്ന താലന്തിനെ ശരിയായി വിനിയോഗിച്ച് സഭയ്ക്കും സമൂഹത്തിനും ഉത്തമ മാതൃകയായിത്തീർന്ന വിശ്വസ്ത മദ്ധ്യസ്ഥാ!

10. അടിമകളുടെയും അഗതികളുടെയും സംരക്ഷകനായ മാർ ഗീവറുഗീസ് സഹദാ!

11. ജീവിതക്ലേശങ്ങളിൽപ്പെട്ടുഴലുന്നവർക്ക് മാർഗ്ഗദർശിയും, സ്വർഗ്ഗീയ രാജാവിന്റെ സന്നിധിയിലേയ്ക്കുള്ള ആത്മീയ വാതിലുമായ പുണ്യവാനേ!

**അപേക്ഷ**

മാർ ഗീവറുഗീസ് സഹദായെ ശ്രേഷ്ഠനാക്കിയ കർത്താവേ! അങ്ങയുടെ ശ്രീഭണ്ഡാരത്തിൽ നിന്നും എല്ലാ അനുഗ്രഹങ്ങളും നന്മയും സഹായങ്ങളും ഞങ്ങൾക്കു നല്കണമേ. ഞങ്ങൾക്കെല്ലാവർക്കും ശാന്തിയും, സമാധാനവും, സുഭിക്ഷതയും ഫലസമൃദ്ധിയും നൽകണമേ. പ്രകൃതിക്ഷോഭങ്ങളിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ. ഭൂതോപദ്രവവും സർപ്പപീഡയും ഞങ്ങളിൽ നിന്നും നീക്കണമേ. രോഗങ്ങളിൽ നിന്നും മാനസികമായ പീഡകളിൽ നിന്നും മോചനം നൽകണമേ. തക്കസമയത്തു മഴയും മഞ്ഞും എല്ലാ നന്മകളും നൽകി ഞങ്ങളെ അനുഗ്രഹിക്കണമേ.

ദൈവം തമ്പുരാനെ! സഹദായുടെ മദ്ധ്യസ്ഥത ഞങ്ങളുടെ ദുഃഖങ്ങൾ മാഞ്ഞുപോകുന്നതിനും, സന്തോഷങ്ങൾ വർദ്ധിക്കുന്നതിനും കാരണമാക്കണമേ. ഞങ്ങൾക്കും ഞങ്ങളുടെ മരിച്ചുപോയവർക്കും കടങ്ങളുടെ മോചനവും പാപപരിഹാരവും സിദ്ധിക്കേണമേ. ലോകത്തിൽ ശാന്തിയും സമാധാനവും വാഴണമേ.

കർത്താവേ ഞങ്ങൾ അങ്ങയേയും അവിടുത്തെ പിതാവിനെയും പരിശുദ്ധ റൂഹായെയും എന്നുമെന്നും മഹത്വപ്പെടുത്തുമാറാകണമേ. ആമ്മീൻ

**അപേക്ഷ**

സ്നേഹസമ്പൂർണ്ണനായ കർത്താവേ! തിരുസന്നിധിയിൽ പൂർണ്ണ മനസോടും പൂർണ്ണ ഹൃദയത്തോടും കൂടി ഞങ്ങളെ സമർപ്പിക്കുന്നു. അങ്ങ് ഞങ്ങളെ അനുദിനം വഴിനടത്തുന്ന സത്യമാണല്ലോ. അവിടുത്തെ സാന്നിദ്ധ്യം അനുഭവിച്ചറിയാൻ ഞങ്ങളെ യോഗ്യരാക്കണമേ. ജീവിതത്തിൽ ഉണ്ടാകുന്ന പ്രതിസന്ധികളെയെല്ലാം ആത്മവിശ്വാസത്തോടെ അഭിമുഖീകരിക്കുവാൻ ശക്തി നൽകണമേ.

ബലഹീനതയിൽ അനുതപിക്കുവാനും, അവിടുത്തെ മഹത്തായ പദ്ധതിയുടെ ഭാഗമായി ജീവിതത്തിലെ എല്ലാ അനുഭവങ്ങളെയും മാറ്റുവാനും സഹായിക്കണമേ.

സ്വാർത്ഥത്തിന്റെ കറ പുരളാത്ത ത്യാഗനിർഭരമായ ജീവിതം ഞങ്ങൾക്കു നൽകണമേ. ആഡംബരങ്ങളിൽ ഭ്രമിക്കാതെ ലളിതമായ ജീവിതം നയിക്കാൻ ഞങ്ങളെ പ്രാപ്തരാക്കേണമേ. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ആസക്തിയിൽ നിന്നും ഞങ്ങളെ മോചിപ്പിക്കേണമേ.

കർത്താവേ! കാമക്രോധ ലോഭമോഹങ്ങളിൽ നിന്നും, മതമാത്സര്യങ്ങളിൽ നിന്നും രക്ഷിക്കണമേ. ഞങ്ങളുടെ ഭവനങ്ങളിൽ സമാധാനവും സംതൃപ്തിയും നൽകി അനുഗ്രഹിക്കണമേ.

തിരുനാമ മഹത്വത്തിനായി സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു. ആയത് വിശുദ്ധ ഗീവറുഗീസ് സഹദായുടെ മദ്ധ്യസ്ഥതയിൽ തന്നെ. ആമ്മീൻ

**അപേക്ഷ**

വിശുദ്ധ ഗീവർഗീസ് സഹദാ! നിനക്കു സമാധാനം. കർത്താവ് തന്റെ സത്യവാഗ്ദത്തപ്രകാരം നിന്നിലും നീ അവനിലും വസിക്കുന്നു.

ദൈവത്തിന്റെ വിശ്വസ്ത കലവറക്കാരാ! പാപികളായ ഞങ്ങൾ കരുണയ്ക്കും, പാപമോചനത്തിനും അർഹരായിത്തീരുവാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ. വിശ്വാസസ്ഥിരതയും, സുകൃതജീവിതവും നന്മയും സഹിഷ്ണുതയും നൽകണമേ.

നിന്റെ മദ്ധ്യസ്ഥതയിൽ സമാധാനവും, സുഭിക്ഷതയും ഫലസമൃദ്ധിയും ഉണ്ടാകുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. കാരുണ്യവാനായ കർത്താവേ, വിശുദ്ധ സഹദായുടെ പ്രാർത്ഥനയാൽ, ഞങ്ങളിൽ നിന്ന് മാരകരോഗങ്ങ

ളും, കഠിനദുഃഖങ്ങളും, പൈശാചിക പരീക്ഷകളും, ദുഷ്ടമനുഷ്യരുടെയും, ദുഷ്ടജന്തുക്കളുടെയും ഉപദ്രവങ്ങളും അപകടങ്ങളും നീക്കിക്കളയണമേ. നാഥാ! ഈ ലോകത്തിലും, ഞങ്ങളുടെ രാജ്യത്തും, സഭയിലും, കുടുംബങ്ങളിലും സമാധാനവും ശാന്തിയും വാഴുമാറാകണമേ. വാർദ്ധക്യത്തിലിരിക്കുന്നവർക്ക് തുണയാകണമേ. സ്ത്രീകളെയും, പുരുഷന്മാരെയും കാത്തുകൊള്ളണമേ, യുവതീയുവാക്കന്മാരെ പരിപാകതയുള്ളവരാക്കണമേ, ശിശുക്കളെ പോറ്റണമേ.

നാഥാ, രോഗികൾക്ക് സൗഖ്യവും, ദുഃഖിതർക്ക് ആശ്വാസവും, ദരിദ്രർക്ക് സംതൃപ്തിയും, വാങ്ങിപ്പോയവർക്ക് നിത്യശാന്തിയും, ഞങ്ങളുടെ യാചനകൾക്ക് മറുപടിയും നൽകണമേ. ഞങ്ങൾക്ക് ലഭിക്കുന്ന എല്ലാ നന്മകളും ദുഃഖിതരും എളിയവരുമായ എല്ലാവരുമായി പങ്കുവയ്ക്കുവാനുള്ള മനസ്സലിവും നൽകണമേ. ആയത് വിശുദ്ധ ഗീവർഗീസ് സഹദായുടെ മദ്ധ്യസ്ഥതയിൽ തന്നെ. ആമ്മീൻ.

## രോഗശാന്തിക്കുവേണ്ടി അപേക്ഷ

### (ഒരു കൗമാ)

സകലത്തിനും നാഥനായ കർത്താവേ, രോഗത്താലും വേദനയാലും പീഡിതനായ ഈ ദാസനെ / ദാസിയെ വിശുദ്ധ ഗീവറുഗീസ് സഹദായുടെ മദ്ധ്യസ്ഥതയിൽ സുഖപ്പെടുത്തണമേ. അവിടുന്നു സകലതും നന്മയ്ക്കായി നിവർത്തിക്കുന്നവനാണല്ലോ. തെറ്റായ ചിന്തകളും പ്രവൃത്തികളും മൂലം വന്നുപോയ പരീക്ഷണങ്ങളാണ് ഈ ദുഃഖങ്ങൾ എന്ന് ഞങ്ങൾ അറിയുന്നു. അസഹ്യമായ രോഗദുരിതങ്ങളിൽ നിന്നും മോചനം നൽകണമേ. കുറ്റങ്ങളും പാപങ്ങളും ക്ഷമിക്കണമേ. അകൃത്യങ്ങളൊക്കെയും മായിച്ചു കളയണമേ.

ദൈവമായ കർത്താവേ! ആത്മസമർപ്പണത്തിലൂടെ തിരുഹിതം നിറവേറ്റാൻ ഞങ്ങളെ യോഗ്യരാക്കണമേ. നാഥാ അങ്ങ് ഞങ്ങൾക്ക് മഹാവൈദ്യനും ദിവ്യഔഷധവും ആണല്ലോ. തൃക്കൈയാൽ സൗഖ്യം നൽകണമേ. ആശ്വാസം അരുളണമേ.

ശാരീരികവും മാനസികവുമായി നേരിടുന്ന കഠിനമായ എല്ലാ പരീക്ഷണങ്ങളിൽ നിന്നും രക്ഷിക്കണമേ. ദൗർബല്യങ്ങൾ ക്ഷമിച്ചു മോചനമരുളണമേ.

സകലതും അങ്ങയുടെ പാദപീഠത്തിൽ സമർപ്പിക്കുന്നു. ഞങ്ങളുടെ പ്രാർത്ഥനകൾ കേൾക്കണമേ. ആമ്മീൻ.

## വിദ്യാഭ്യാസത്തിനുവേണ്ടി അപേക്ഷ

സകലതും അറിയുന്ന, സകല അറിവിന്റെയും ഉറവിടമായ സർവ്വശക്തനായ ദൈവമേ അങ്ങയുടെ ഈ മകന്റെ/മകളുടെ വിദ്യാഭ്യാസത്തിന് ആവശ്യമായ അനുഗ്രഹങ്ങൾ നൽകണമേ.

പഠനത്തിൽ അനുഭവപ്പെടുന്ന എല്ലാ കുറവുകളും പരിഹരിക്കണമേ. ആത്മീയവും ലൗകികവുമായ സത്യം ഗ്രഹിക്കാൻ ബുദ്ധിശക്തി നൽകണമേ. ശരീരവും മനസ്സും നിർമ്മലമാക്കണമേ. അശുദ്ധ വികാരങ്ങളെയും വിചാരങ്ങളെയും അകറ്റണമേ. വിദ്യാഭ്യാസത്തിനു തടസ്സമായ മടി, രോഗം, അപകടം, ചീത്ത കൂട്ടുകെട്ടുകൾ എന്നിവയിൽ നിന്നും രക്ഷിക്കണമേ. പാപത്തിൽ നിന്നും പാപഹേതുവായ സാഹചര്യങ്ങളിൽ നിന്നും മോചിപ്പിക്കണമേ.

സ്വർഗ്ഗീയ സമാധാനവും, പ്രത്യാശയും അവിടുന്നു നൽകണമേ. പരമാവധി നന്നായി പഠിക്കുന്നതിനും, സമയനിഷ്ഠ പാലിക്കുന്നതിനും, അനുസരണം, പരസ്പര ബഹുമാനം തുടങ്ങിയ നല്ല ശീലങ്ങൾ ഉൾക്കൊണ്ട് വളരുന്നതിനും സഹായിക്കണമേ. ആവശ്യമായ ഓർമ്മശക്തിയും വിവേകവും, വിപദിധൈര്യവും നൽകണമേ.

ദൈവമേ! വിദ്യാലയത്തിലും, പഠനമുറിയിലും കളിക്കളത്തിലും, അവിടുത്തെ ദിവ്യമായ സാന്നിദ്ധ്യം ഉണ്ടാവണമേ. ആയത് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും, കാവൽനാഥനായ വിശുദ്ധ ഗീവറുഗീസ് സഹദായുടെയും നാമത്തിൽ തന്നെ. ആമ്മീൻ.

## അനുദിന പ്രാർത്ഥന

ഞങ്ങൾ ഈ ഭാഗ്യവാന്റെ നേരെ സന്തോഷത്തോടെ പറയുന്നു. ഭൂമിയിലെ എല്ലാ ഭാഗ്യവാന്മാരും നിനക്കു ഭാഗ്യം ചെയ്യുന്നു. കാരുണ്യവാനും മനുഷ്യപ്രീതിയുള്ളവനുമായ ദൈവമായ കർത്താവേ! നിന്നെ സ്നേഹിച്ചവരായ നിബിയന്മാരുടെയും, ശ്ലീഹന്മാരുടേയും അക്രമികളായ രാജാക്കന്മാരാൽ നിനക്കു വേണ്ടി വധിക്കപ്പെട്ട സഹദേന്മാരുടേയും, മൗദ്യാനന്മാരുടേയും ഓർമ്മയെ ഹൃദയവെടിപ്പോടും വിശുദ്ധിയോടും കൂടെ നിവർത്തിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമേ.

കർത്താവേ! ലോകമെങ്ങുമുള്ള പള്ളികളിലും, ദയറാകളിലും ആദരണീയനായിരിക്കുന്ന പരിശുദ്ധനായ മാർ ഗീവർഗീസ് സഹദായുടെ ഓർമ്മയെ ഞങ്ങൾ ആഘോഷിക്കുന്നു. വിശുദ്ധ സഹദാ അങ്ങയുടെ ആത്മിക തോട്ടത്തിൽ നല്ല കർഷകനായിത്തീർന്ന് തന്റെ താലന്തിനെ ശരിയായി വ്യാപാരം

ചെയ്തു. അതിനാൽ വിശുദ്ധന്റെ പവിത്ര സ്മരണയും പെരുന്നാളും പ്രസിദ്ധമായിരിക്കുന്നു.

തന്നിൽ സങ്കേതം പ്രാപിക്കുന്ന രോഗികൾക്കും, വൈഷമ്യത്തിൽ ഇരിക്കുന്നവർക്കും ആശ്വാസ തുറമുഖമായിരിക്കുന്ന, ആപത്തിൽപെട്ടിരിക്കുന്നവരെ കാത്തുസൂക്ഷിക്കുന്ന, സാധുക്കളെ സംരക്ഷിക്കുന്ന, ഞെരുങ്ങിയിരിക്കുന്നവരെ ആശ്വസിപ്പിക്കുന്ന, അടിമകളെ വിടുവിക്കുന്ന, അഗതികളെ സന്തുഷ്ടരാക്കുന്ന, കടലിൽ യാത്ര ചെയ്യുന്നവർക്കു നാവികൻ ആയിരിക്കുന്ന മാർ ഗീവർഗീസ് സഹദാ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കേണമേ.

സ്വർഗ്ഗയാത്ര ചെയ്യുന്നവർക്കു ശരിയായ മാർഗ്ഗവും, മോക്ഷത്തിലേക്കു കയറുന്നവർക്കു ഗോവണിയും, സ്വർഗ്ഗീയ രാജാവിന്റെ സന്നിധിയിലേക്കു പ്രവേശിക്കുന്നവർക്കു ആത്മീയ വാതിലും, ദൈവസന്നിധിയിൽ ഞങ്ങളുടെ ആത്മീയ ജാമ്യവുമാകുന്ന മാർ ഗീവർഗീസ് സഹദാ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കേണമേ.

ഞങ്ങളുടെ കർത്താവേ, ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു: പരിശുദ്ധനായ മാർ ഗീവർഗീസ് സഹദായുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുമ്പോൾ എല്ലാ അനുഗ്രഹവും, നന്മകളും, സഹായങ്ങളും നിന്റെ ശ്രീഭണ്ഡാരത്തിൽ നിന്നു ഞങ്ങൾക്കു നൽകണമേ. സഹദായുടെ മദ്ധ്യസ്ഥ പ്രാർത്ഥനകളാൽ ഞങ്ങൾക്കു തുടരെ സമാധാനവും, സുഭിക്ഷതയും, ഫലവർദ്ധനവും നൽകണമേ. കൽമഴയും, കരിവു കാറ്റും, ചാഴിയും, വെട്ടുക്കിളിയും, പുഴുദോഷവും നീക്കണമേ. തക്കസമയത്തു മഴയും, മഞ്ഞും എല്ലാ നന്മകളും ഞങ്ങൾക്കുണ്ടാകണമേ. പരിശുദ്ധ സഭയിലെ ജീവിച്ചിരിക്കുന്നവർക്കും, മരിച്ചുപോയവർക്കും കടങ്ങൾക്കു മോചനവും, പാപങ്ങൾക്കു പരിഹാരവും സിദ്ധിക്കേണമേ.

കാരുണ്യവാനായ കർത്താവേ, വിശുദ്ധ ഗീവർഗീസ് സഹദായുടെ പ്രാർത്ഥനയാൽ ഞങ്ങൾക്കു വിശ്വാസ സ്ഥിരതയും, സുകൃത ജീവിതവും, നന്മയ്ക്കുവേണ്ടിയുള്ള സഹിഷ്ണതയും നൽകേണമേ.

സഭയും അതിലെ പ്രജകളും വിശുദ്ധ സഹദായുടെ പ്രാർത്ഥനയാൽ ശാന്തമായും സ്വൈരമായും വർത്തിക്കുമാറാകണമേ. ലോകമെങ്ങും നിന്റെ സുവിശേഷം പ്രചരിക്കുകയും, വിശ്വാസികളെക്കൊണ്ടു ഭൂലോകം നിറയുകയും, നിന്റെ തിരുനാമം എല്ലാവരാലും സ്തുതിക്കപ്പെടുകയും ചെയ്യുമാറാകണമെ.

മാർ ഗീവർഗീസ് സഹദായുടെ പെരുന്നാളിനെ ഭക്തിയായി കൊണ്ടാടുന്ന എല്ലാ വിശ്വാസികളെയും കാത്തുരക്ഷിച്ചു കൊള്ളണമേ. ദുഷ്ടാത്മാക്കളു

ടെയും, സർപ്പം ആദിയായ ദുഷ്ടജന്തുക്കളുടെയും ഉപദ്രവങ്ങളിൽ നിന്നും അവരെ കാത്തുകൊള്ളണമേ.

ദയാലുവായ ദൈവമേ, പരിശുദ്ധ സഹദായുടെ പ്രാർത്ഥനയാൽ പാപികളായ ഞങ്ങൾക്കു പാപപരിഹാരം നൽകണമേ. വിശ്വാസികളായ ഞങ്ങളുടെ എല്ലാ മരിച്ചുപോയവർക്കും ആശ്വാസം പ്രദാനം ചെയ്യണമേ. യൗവ്വനക്കാരെ നിർമ്മലരാക്കേണമേ, സ്ത്രീകളെ പരിപാകതയുള്ളവരാക്കേണമേ, ശിശുക്കളെയും, പൈതങ്ങളെയും വളർത്തണമേ. പുരോഹിതന്മാരെ ചുമതലാബോധമുള്ളവരും നിന്റെ തിരുവിഷ്ടപ്രകാരം നിന്റെ ആട്ടിൻകൂട്ടത്തെ നയിക്കുന്നവരുമാക്കണമെ. ലോകത്തിൽ നിന്നു യുദ്ധങ്ങളും, ക്ഷാമവും, വസന്തയും, നീക്കിക്കളയേണമേ. ഞങ്ങളെല്ലാവരെയും നിന്റെ കരുണയാൽ സഹായിക്കേണമേ.

ഞങ്ങൾ എന്നും നിന്നെയും, നിന്റെ പിതാവിനെയും, നിന്റെ പരിശുദ്ധ റൂഹായെയും മഹത്വപ്പെടുത്തുമാറാകണമെ. ആമ്മീൻ.